നമ്പർ. ജി5/832/2016/ടി.സി.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി: 15-03-2016

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — പെരുമ്പാവൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ — ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന വാഹനങ്ങളുടെ ക്ഷമത — നിർദ്ദേശം നൽകുന്നത് — സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നം. 14056/സി3/2015/ഗതാഗതം തിയതി 05-01-2016.

പെരുമ്പാവൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ അവിടെ ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിയ്ക്കുന്ന പല വാഹനങ്ങളും തീർത്തും സുരക്ഷിതാവസ്ഥയിലുള്ളവയല്ലായെന്ന് കണ്ടെത്തുകയുണ്ടായി. ഇത്തരം വാഹനങ്ങളിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് ടെസ്റ്റിൽ പങ്കെടുക്കുന്നവർക്കും, ഗ്രൗണ്ട്/റോഡ് എന്നിവ ഉപയോഗിക്കുന്നവർക്കും, പൊതുജനങ്ങൾക്കും സുരക്ഷിതമല്ല. അത്തരം വാഹനങ്ങൾ എപ്പോൾ വേണമെങ്കിലും അപകടത്തിൽപെടാനും അപകടം ഉണ്ടാക്കാനും ഇടയുണ്ട്.

ഈ സാഹചര്യത്തിൽ ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിയ്ക്കുന്ന വാഹനങ്ങൾ എല്ലാം തന്നെ പൂർണ്ണമായും സുരക്ഷിതാവസ്ഥയിലുള്ളതായിരിക്കണമെന്ന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. യാതൊരു സാഹചര്യത്തിലും സുരക്ഷാ ഭീഷണിയുള്ളതും പഴക്കം ചെന്നതുമായ വാഹനങ്ങൾ ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിയ്ക്കാൻ അനുവദിയ്ക്കരുതെന്ന് നിർദ്ദേശിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

1/4/16

സീനിയർ സൂപ്രണ്ട്.

27/4/16